കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.11/1369/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 04/11/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.11/1369/2022 തീയ്യതി: 04/11/2022

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ആർ.രാജീവ്	ഡെപ്യൂട്ടി ഡയറക്ടർ	14-09-2022	23-09-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
14-09-2022	23-09-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ,ഓഡിറ്റ് ഓഫീസർ
ശ്രീമതി.സിന്ധ്യ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.സി.എസ്സ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ്കുമാർ.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. എസ്സ്. പവനനാഥന്‍	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീമതി. സിന്ധു.എസ്സ്	സെക്രട്ടറി	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. രഞ്ജു.എസ്സ്	കൃഷിഓഫിസർ	01-04-2021	22-02-2022
ശ്രീ. എബി ബാബു	കൃഷിഓഫിസർ	23-02-2022	31-03-2022
ഡോ. ജിൻസി ജോർജ്ജ്	വെറ്ററിനറി സർജൻ	01-04-2021	31-03-2022
ശ്രീമതി.ആരതി സെൻ.എസ്സ്	ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ	01-04-2021	17-11-2021
ശ്രീമതി.ദേവു.വി.വി.	ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ	18-11-2021	31-03-2022
ഡോ.മനു പ്രഭാകരൻ	മെഡിക്കൽ ഓഫിസർ, പി,എച്ച്.സി	01-04-2021	31-03-2022
ഡോ.നൈസി ഖാൻ	മെഡിക്കൽ ഓഫിസർ, ആയുർവേദം	01-04-2021	31-03-2022
ഡോ.നസിയ.എ	മെഡിക്കൽ ഓഫിസർ ,ആയുർവേദം	01-04-2021	31-03-2022
ശ്രീ.സണ്ണി.കെ.പി	ഹെഡ്മാസ്റ്റർ	01-04-2021	31-03-2022
ശ്രീമതി.ഉഷ.ആർ	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2021	31-03-2022
ശ്രീമതി. ശ്രുതി.എം	വില്ലേജ് എക്സറ്റൻഷൻ ഓഫിസർ	01-04-2021	31-03-2022
ശ്രീ.അഖിൽ പ്രസാദ്	ഡയറി എക്സറ്റൻഷൻ ഓഫിസർ	01-04-2021	31-03-2022
ശ്രീമതി. ഫാത്തിമ .സി	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2021	15-12-2021
സിബി സോമൻ	ഫിഷറിസ് സബ് ഇൻസ്പെക്ടർ	16-12-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	വാർഷികകണക്കിലെ ന്യൂനതകൾ	1-2(1)
4	സാമ്പത്തിക വിശകലനം (റസീപ്റ്റ് & സ്റ്റേറ്റ്മെന്റ് പ്രകാരം)	1-3
5	ഫണ്ട് വിനിയോഗം	1-4
6	പദ്ധതി അവലോകനം	1-5
7	തൊഴിലുറപ്പ് പദ്ധതി	1-6
8	ക്ഷേമ പദ്ധതികൾ	1-7
9	ക്യാഷ് ബാലൻസ് പരിശോധനാ സാക്ഷ്യപത്രം	1-8
10	ആഭ്യന്തര നിയന്ത്രണം	1-9
11	വാണിജ്യാവശ്യകെട്ടിടം - ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നില്ല-നികുതിയിൽ 2298/- രൂപകുറവ് .	1-10
12	റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കുന്നില്ല	1-11
13	മുൻ വർഷങ്ങളിലെ ഇ-ടെണ്ടർ ഫീസ് -142644/- രൂപ തനതു ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല	1-12
14	പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച തുക വിനിയോഗിക്കുന്നില്ല	1-13
15	റിക്കവറി തുകകൾ ഗവൺമെന്റിലേക്ക് തിരിച്ചടച്ചില്ല.	1-14
16	മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്റർ- - പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല	1-15
17	അഡ്വാൻസ് കൈപ്പറ്റി മാസങ്ങൾ കഴിഞ്ഞിട്ടും വീടുനിർമ്മാണം ആരംഭിച്ചിട്ടില്ല.	1-16
18	മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ - നിർമ്മാണം -ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതുമൂലമുള്ള നഷ്ടം-5331/-രൂപ	1-17
19	കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - മാക്സിമം റീടെയിൽ പ്രൈസ് ഈടാക്കിയിരിക്കുന്നു .	1-18
20	കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല	1-19
21	ഗവ. ആയുർവേദ ആശുപത്രിയിലെ സൂതിക പരിചരണം ഉൾപ്പടെയുള്ളവയ്ക്ക് മരുന്നുവാങ്ങൽ - മരുന്നു ലഭ്യമായിട്ടില്ല	1-20
22	ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്നു ലഭ്യമായിട്ടില്ല	1-21
23	തുല്യതാ പഠനത്തിന് ഫീസ് നൽകൽ -	1-22
24	അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം	1-23
25	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം	1-24
	ഭാഗം 2	
1	വാണിജ്യാവശ്യകെട്ടിടം - ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നില്ല-നികുതിയിൽ 2298/- രൂപകുറവ് .	2-1
	ഭാഗം 3	
1	മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ -നിർമ്മാണം- ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതുമൂലമുള്ള നഷ്ടം-5331/-രൂപ	3-1

ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് **19.02.2021** തീയതിയിലെ 1 (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇനം	വരവ്	ചെലവ്
ബജറ്റ് പ്രകാരം	151255460	153856252
വാർഷിക കണക്ക് പ്രകാരം	89482731.95	74451341

1-2 വാർഷിക ധനകാര്യ പത്രിക

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2021-22	31-07-2022	27-04-2022

1-2(1) വാർഷികകണക്കിലെ ന്യൂനതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 അക്കൌണ്ട് ഹെഡ്ഡ് 320200101,320200111 എന്നിവ പ്രകാരം യഥാക്രമം 100283/- രൂപ വികസന ഫണ്ട് (ജനറൽ) വിഭാഗത്തിലും,സാമ്പത്തിക വർഷാവസാനം വികസനഫണ്ട് സർക്കാരിലേക്ക് തിരിച്ചടക്കണമെന്നിരിക്കെ പഞ്ചായത്തിന്റെ ബാധ്യതാ കണക്കിൽ മേൽപ്പറഞ്ഞ പ്രകാരം തുക ഉൾപ്പെടുത്തിയിരിക്കുന്നു.

2.വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം അക്കൌണ്ട് ഹെഡ്ഡ് 350110104 പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിലെ ലയബിലിറ്റി 1,01,605/-രൂപയാണ്. എന്നാൽ ബിൽ രജിസ്റ്റർ പ്രകാരം 72630/-രൂപയാണ് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 3/22 ലെ കുടിശ്ശിക. 28975/-രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

3.വാർഷികകണക്കിലെ തുകകളും അഡ്വാൻസ് രജിസ്റ്ററിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂറായി നിക്ഷേപിച്ച തുക 1,92,617/- രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 1,38,756/-രൂപയാണ് നിക്ഷേപമായി വാട്ടർ അതോറിറ്റിയിൽ ശേഷിക്കുന്നതെന്ന് കാണുന്നു. അതുപോലെ, ഷെഡ്യൂൾ ബി-18 പ്രകാരം കേരള ഇലക്ട്രിസിറ്റി ബോർഡിലെ നിക്ഷേപ തുക 751470/- രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 9,88,308/-രൂപയാണ് നിക്ഷേപമായി ശേഷിക്കുന്നത് .

4. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ഷെഡ്യൂൾ ബി-11 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

വാർഷികകണക്കിലെ മേൽപ്പറഞ്ഞ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/2021-22 തീയതി 19-09-2022) ലഭ്യമാക്കിയ മറുപടി താഴെപ്പറയും പ്രകാരമാണ്. 320200101 പ്രകാരം വികസന ഫണ്ട്(ജനറൽ) വിഭാഗത്തിലുള്ള 100238/- രൂപ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തതും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് വാർഷികകണക്കിൽ കുറവ് ചെയ്യുന്നതാണെന്നും, സി.എഫ്.സി ഗ്രാന്റ് (ടൈഡ്) വിഭാഗത്തിലുള്ള 468398/-രൂപ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതാണെന്നും അറിയിച്ചു.വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ബി-18 പ്രകാരം വാട്ടർ അതോറിറ്റിക്ക് നിക്ഷേപത്തിൽ വന്ന വ്യത്യാസം 53861/-രൂപ 2022-23 വർഷത്തെ വാർഷികകണക്കിൽ പരിഹരിച്ചിട്ടുണ്ടെന്നും കേരള ഇലക്ട്രിസിറ്റി ബോർഡിലെ നിക്ഷേപ തുക 9,88,308/-രൂപ അഡ്വാൻസ് രജിസ്റ്റർ പ്രകാരം തിരുത്തൽ വരുത്തിയിട്ടുണ്ടെന്നും അറിയിച്ചു.

ഇലക്ട്രിസിറ്റി ബോർഡിലെ നിക്ഷേപം അനുസരിച്ച് വാർഷികകണക്ക്

പൊരുത്തപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും മറുപടിയിൽ സൂചിപ്പിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിച്ച് വാർഷികകണക്ക് ക്രമീകരിക്കേണ്ടതുമാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & സ്റ്റേറ്റ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	17121077
വരവ്	72361654.95
ആകെ	89482731.95
ചെലവ്	74451341
നീക്കിയിരിപ്പ്	15031390.95
വരവ് നഷ്ടം	2298
ചെലവ് നഷ്ടം	5331
ചെലവ് തുക തടസ്സം	340300

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് പൊതുവിഭാഗം	0	13940000	13940000	13940000	0
വികസനഫണ്ട് എസ്.സി.പി.	0	**5442000**	**5442000**	**5442000**	0
സംരക്ഷണഗ്രാന്റ് റോഡ്	0	13168970	13168970	13168970	0
സംരക്ഷണഗ്രാന്റ് നോൺറോഡ്		3098250	3098250	3098250	0

1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
131	112817085	114	57012816	0	17	87%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	7140	418643	425783	424925	858
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്		32167526	32167526	32167526	

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	123120	
കർഷകതൊഴിലാളി പെൻഷൻ	4600400	316
വിധവാപെൻഷൻ	11473900	776
വാർദ്ധക്യകാലപെൻഷൻ	28604000	2254
വികലാംഗപെൻഷൻ	3898100	263

അവിവാഹിതപെൻഷൻ	627200	43
വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം	120000	4

1-8 ക്യാഷ് ബാലൻസ് പരിശോധനാ സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-09-2022 തീയതിയിൽ 10 A.mസമയത്ത് അസ്സി: സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3907/- -രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നുപഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പ്രോജക്ട് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ മാന്വലായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇതിലേക്കായുള്ള സൂചിക സോഫ്റ്റ്‌വെയർ കാലികമാക്കപ്പെടാത്തതുമൂലം തീർപ്പാക്കത്തതായുള്ള ഫയലുകളുകളുടെ എണ്ണം വളരെ കൂടുതലാണ്. ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടതൽ കാര്യക്ഷമമാക്കേണ്ടതാണ്.

1-10 വാണിജ്യാവശ്യകെട്ടിടം - ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നില്ല-നികുതിയിൽ 2298/- രൂപകുറവ് .

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 4ൽ,7 വിഭാഗങ്ങളിലായി കെട്ടിടങ്ങളെ തരം തിരിച്ചിരിക്കുന്നു. ഇതിൽ ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണത്തിന്റെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണെന്ന് ഈ ചട്ടം വ്യവസ്ഥ ചെയ്യുന്നു. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 50/- രൂപയായി നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങൾ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേര്, വിലാസം	വാർഡ് നമ്പർ	കെട്ടിടനം.	ആകെ തറ വിസ്തീർണ്ണം	ചുമത്തിയ നികുതി@30	ചുമത്തേണ്ട നികുതി@50	കുറവ്
ശ്രീ.മൻമഥൻ നായർ കുന്നേൽ വീട്ടിൽ പുതുപ്പള്ളി	IV പബ്ലിക്ക് മാർക്കറ്റ്	197/A	22.984	689.52	1149.20	459.68
		197/B	22.984	689.52	1149.20	459.68
		197/B	22.984	689.52	1149.20	459.68
		197/B	22.984	689.52	1149.20	459.68
		197/A	22.984	689.52	1149.20	459.68

		നികുതി ചുമത്തിയതിലുള്ള ആകെ കുറവ്			2298.4
അസസ്സ്മെന്റ് വർഷം 2021 ഒന്നാം അർദ്ധവർഷം മുതൽ					

ടി ചട്ടങ്ങളിലെ 3-ാം ചട്ടം 5-ാം ഉപചട്ട പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയും പ്രകാരം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമാണ് കെട്ടിടങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടത്. വാണിജ്യാവശ്യകെട്ടിടങ്ങൾ ഉടമയുടെ സൌകര്യാർത്ഥം വ്യത്യസ്ത നമ്പരുകൾ നൽകി വ്യത്യസ്തകെട്ടിടങ്ങളായി നികുതി നിർണ്ണയിക്കുമ്പോൾ ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നിരക്ക് ചുമത്തേണ്ടതാണ്. ഇതിന് സഞ്ചയ സോഫ്റ്റ്‌വെയറിലുള്ള സൌകര്യം ഉപയോഗപ്പെടുത്തേണ്ടതാണ്. പ്രസ്തുത കെട്ടിടങ്ങളെ റീ അസസ് ചെയ്യേണ്ടതും അസസ്മെന്റ് വർഷം മുതലുള്ള നികുതി കുടിശ്ശിക ഈടാക്കേണ്ടതുമാണ്. അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. കുറവ് വന്ന അടിസ്ഥാനവസ്തു നികുതി 2298/- രൂപ ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഉൾപ്പടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കുന്നില്ല

The Kerala Panchayat Raj (Issue Of Licence To Factories, Trades, Entrepreneurship Activities And Other Services) Rules 1996 ലെ ചട്ടം 3 പട്ടിക -1 പ്രകാരം റീറ്റെയിൽ റേഷൻ ഷോപ്പുകൾ, സപ്ലൈകോ സ്റ്റോറുകൾ (മാവേലി സ്റ്റോറുകൾ) എന്നിവയുടെ പ്രവർത്തനത്തിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ റേഷൻ ഷോപ്പുകൾ (കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രം) ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടിയല്ല പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങളായിരുന്നിട്ടും ടി സ്ഥാപനങ്ങളെ ലൈസൻസ് ഫീസ് ചുമത്താത്തതും തൊഴിൽ നികുതി ചുമത്താത്തതും തനത് വരുമാനം നഷ്ടപ്പെടുന്നതിനിടയാക്കുന്നുണ്ട്.ഗ്രാമപഞ്ചായത്തിലെ വാർഡുകളിലെ റേഷൻ ഷോപ്പുകളുടെ വിവരം താഴെ കൊടുക്കുന്നു

ക്രമ നം	ലൈസൻസിയുടെ പേര്	ARD നം
1	ഹസീന ബീഗം	1420001
2	സിന്ധു അജി പുത്തൂർ	1420003
3	എസ്.രാധാകൃഷ്ണൻ	1420005
4	സദാശിവൻ	1420006
5	പ്രമോദ്	1420007
6	സിലി മോഹൻ	1420008
7	കെ.ആർ.രാജു	1420009
8	വിശ്വംഭരൻ	1420010
9	അജിതാ കുമാരി	1420011
10	കെ.എസ്.അജിത് കുമാർ	1420012
11	അജി കെ പണിക്കർ	1420013
12	മുരളി	1420014
13	സുജാത.എസ്	1420064
14	എസ്.മോളി	1420070

മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 മുൻ വർഷങ്ങളിലെ ഇ-ടെണ്ടർ ഫീസ് -142644/- രൂപ തനതു ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ 2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ഫീസ് ഇനത്തിൽ 2,84,344/-രൂപ എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ ഒടുക്ക് വരുത്തിയിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വർഷം	ഇ-ടെന്ററ്‍ മുഖേന നടപ്പാക്കിയ പ്രവർത്തി കളുടെ എണ്ണം	ടെന്ററ്‍ ഫീസിനത്തിൽ ഒടുക്കിയ തുക
2015-16	9	35420
2016-17	14	48540
2017-18	16	64520
2018-19	12	54696
2019-20	12	37194
2020-21	12	43974
ആകെ.		284344

പഞ്ചായത്തിന് ഫീസ് ഇനത്തിൽ ലഭിക്കേണ്ട വരുമാനമാകയാൽ എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റ് വന്ന തുകകൾ തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽകൂട്ടേണ്ടതാണ്. ഈ ഇനത്തിൽ . എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൌണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ(നം.10തീയതി 20-09-2022) 2015 മുതൽ 2017-18 വരെയുള്ള വർഷങ്ങളിലെ തുക 148480/- രൂപ തനതു ഫണ്ടിലേക്ക് മുതൽകൂട്ടിയെന്നും 2018-19,2019-20 വർഷങ്ങളിലെ തുക 98670/-രൂപ നാളിതുവരെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൌണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്തു ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 2020-21 വർഷം നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫീസ് 43974/-രൂപ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൌണ്ടിൽ നിന്നും തനതു ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുമില്ല.98670/-രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൌണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്യുന്നതിനും 43974/-രൂപ അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൌണ്ടിൽ നിന്നും തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-13 പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച തുക വിനിയോഗിക്കുന്നില്ല

വിവിധ ആവശ്യങ്ങൾക്കായി മുൻവർഷങ്ങളിലുൾപ്പടെ ലഭിച്ച തുകകൾ വാർഷിക കണക്കിലെ B4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാതെ ശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	തുക	തുക ലഭിച്ച വർഷം
വിമുക്തി	16902/-	
ബഡ്സ് സ്കൂൾ	2,00,000/-	
കുടുംബ ശ്രീ ജില്ലാമിഷനിൽ നിന്നും ലഭിച്ച തുക	121798/-	31-03-2017 മുതൽ

കാവ് സംരക്ഷണം	1,76,600/-	18-06-2020 മുതൽ
ഗുണഭോക്തൃവിഹിതം	585462/-	2019-20 വർഷം മുതൽ
എസ്സ്.എസ്സ്.എ വിഹിതം	2,51,046/-	31-03-2012 മുതൽ

പ്രത്യേക ആവശ്യങ്ങൾക്കായി സർക്കാരിൽ നിന്ന് ലഭിക്കുന്ന തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.5 തീയതി 17-09-2022)ലഭ്യമാക്കിയ മറുപടിയിൽ വിമുക്തിക്കായി ലഭിച്ച തുക തുടർന്ന് ചെലവഴിക്കുന്നതാണെന്നും ബഡ്സ് സ്കൂളിനായി ലഭിച്ച 200,000/- രൂപ 2022-23 വർഷം സ്കൂളിന്റെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ട് വെച്ച് ചെലവഴിക്കുമെന്നും കാവ് സംരക്ഷണ ചെലവിന് ശേഷം ബാക്കി നിൽക്കുന്ന തുക 176600/-രൂപ ബന്ധപ്പെട്ട വകുപ്പിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടില്ലാതിനാലാണ് തിരിച്ചടക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്.ഗുണഭോക്തൃ വിഹിതം ഏത് പ്രോജക്ടിന്റെ ആവശ്യത്തിലേക്ക് പിരിച്ചെടുത്തതാണെന്ന് കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതാണെന്നും ചെലവഴിക്കാതെ ശേഷിക്കുന്ന എസ്സ്. എസ്സ്.എ ഫണ്ട് 251046/- രൂപ സർക്കാരിലേക്ക് തിരിച്ചടക്കുന്നതാണെന്നും അറിയിച്ചു.

കാവ് സംരക്ഷണത്തിന് ലഭിച്ചതുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കണമെന്ന് തുക അലോട്ട് ചെയ്തുകൊണ്ടുള്ള ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ വിനിയോഗ വിവരം ബന്ധപ്പെട്ട വകുപ്പിനെ അറിയിച്ചില്ല.പട്ടികജാതി വികസന വകുപ്പിനെ വിനിയോഗ വിവരം അറിയിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.ചെലവഴിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതം ഏത് പ്രോജക്ടിന്റെ ആവശ്യത്തിലേക്ക് പിരിച്ചെടുത്തതാണെന്ന് കണ്ടെത്തി ചെലവഴിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതുമാണ്.വിമുക്തി, ബഡ്സ് സ്കൂളിന്റെ ഭൌതിക സാഹചര്യങ്ങൾ ഒരുക്കൽ എന്നീ ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ അടിയന്തിരമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രത്യേക ആവശ്യങ്ങൾക്കായി സർക്കാരിൽ നിന്ന് ലഭിക്കുന്ന തുകകൾ സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി സമയബന്ധിതമായി ചെലവഴിക്കാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

1-14 റിക്കവറി തുകകൾ ഗവൺമെന്റിലേക്ക് തിരിച്ചടച്ചില്ല.

വാർഷിക ധനകാര്യ പത്രിക ബാധ്യതാ കണക്കിൽ (ഹെഡ് കോഡ്- 350300109), 23-07-2019 ,24-07-2019 എന്നീ തീയതികളിലായി രണ്ട് ഗുണഭോക്താക്കളിൽ നിന്നും ലൈഫ് മിഷൻ ഫസ്റ്റ് ഇൻസ്റ്റാൾമെന്റ് റിഫണ്ട് ഇനത്തിൽ ലഭിച്ച 80,000/-രൂപ (40,000+40,000) പലിശ ഉൾപ്പടെ അക്കൌണ്ട് ചെയ്തിട്ടുണ്ട് . പലിശയുൾപ്പടെയുള്ള 90,000/-രൂപ നാളിതുവരെ സർക്കാരിലേക്ക് തിരികെ ഒടുക്കിയിട്ടില്ല. കൂടാതെ , എബിസി പ്രോഗ്രാമിനായി അധികം ചെലവഴിച്ച തുക തിരിച്ചടച്ചത് 13000/- രൂപയും, മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഭാഗത്തിൽ നിന്നും അധികം ചെലവഴിച്ച തുക കോൺട്രാക്റ്ററിൽ നിന്നും റിക്കവർചെയ്ത 40,000/- രൂപയും ഉൾപ്പടെ 53000/- രൂപയും സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല. റിക്കവറി തുകകൾ യഥാസമയം സർക്കാരിലേക്ക് തിരികെ അടയ്ക്കാത്തത് ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 10/2021-22തീയതി)ലഭ്യമാക്കിയ മറുപടിയിൽ ലൈഫ് മിഷൻ ഫസ്റ്റ് ഇൻസ്റ്റാൾമെന്റ് റിഫണ്ട് ഇനത്തിൽ ലഭിച്ച 90,000/- രൂപ സർക്കാരിൽ നിന്ന് അനുമതി വാങ്ങി ലൈഫ് ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും കോൺട്രാക്റ്ററിൽ നിന്നും റിക്കവർ ചെയ്ത തുക 53000/-രൂപ സർക്കാരിലേക്ക് തിരിച്ചടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈഫ് ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്ന് അനുമതി വാങ്ങുന്നതിനും റിക്കവറി തുക 53000/- രൂപ സർക്കാരിലേക്ക് താമസം വിനാ തിരിച്ചടക്കേണ്ടതുമാണ്.

1-15 മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്റർ- - പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല

ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിൽ നിന്നും ഗ്രാമ പഞ്ചായത്തിന് നിർമ്മിച്ച് നൽകിയ മുട്ടത്ത്

മണ്ണേൽ ഫിഷ് ലാന്ററിംഗ് സെന്റർ നാളിതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല.ഫിഷ് ലാന്ററിംഗ് സെന്റർ രേഖാമൂലം ഗ്രാമ പഞ്ചായത്തിന് ഹാർബർ എഞ്ചിനിയറിംഗ് വിഭാഗം കൈമാറിയിട്ടുള്ളതിന്റെ വിവരങ്ങൾ, ലേല നടപടികൾ സ്വീകരിച്ച് ഫിഷ് ലാന്ററിംഗ് സെന്റർ വരുമാനദായകമാക്കാതിരുന്നതിനുള്ള കാരണം എന്നിവ വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/2021-22 തീയതി) ലഭ്യമാക്കിയ മറുപടിയിൽ,ഫിഷ് ലാന്ററിംഗ് സെന്റർ , ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച കരട് ബൈലോ പ്രസിദ്ധീകരിച്ചിരുന്നെങ്കിലും ആക്ഷേപങ്ങൾ ലഭിച്ചതുമൂലം പഞ്ചായത്ത് കമ്മറ്റി ബൈലോ അംഗീകരിച്ചിരുന്നില്ലെന്നും നിലവിൽ 15-03-2022ലെ 8 ാംനം. ഭരണ സമിതി തീരുമാനപ്രകാരം പുതുക്കിയ കരട് നിയമാവലി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുന്നു. അന്തിമബൈലോ അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മുട്ടത്ത് മണ്ണേൽ ഫിഷ് ലാന്ററിംഗ് സെന്റർ എത്രയും വേഗം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 അഡ്വാൻസ് കൈപ്പറ്റി മാസങ്ങൾ കഴിഞ്ഞിട്ടും വീടുനിർമ്മാണം ആരംഭിച്ചിട്ടില്ല.

ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് ലൈഫ് ഭവനനിർമാണ പദ്ധതി പ്രകാരം പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വെയ്ക്കുകയും 40000/- രൂപ വീതം മുൻകൂറായി കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി വീടുനിർമാണം ആരംഭിച്ചിട്ടില്ല.

പ്രോജക്ട് നം.	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക
63/20	ശ്രീമതി.സിന്ധു, രേക്ഷ്മഭവൻ	40000
,,	ശ്രീമതി.വിലാസിനി,അമ്പിളിഭവനം	40000
,,	സരസമ്മ,കയ്യോലിൽതറ	40000
,,	സരസമ്മ,കടയ്ക്കൽ കാവിൽ	40000

ടി ഗുണഭോക്താക്കൾ ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ അടുത്ത ഗഡു ആനുകൂല്യം നൽകിയിട്ടില്ല. ഗുണഭോക്താക്കളും ഗ്രാമ പഞ്ചായത്തും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥപ്രകാരം കരാർ തിയതി മുതൽ 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16തീയതി 24-09-2022)മറുപടി ലഭ്യമായിട്ടില്ല.അഡ്വാൻസ് കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾ പ്രവർത്തി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താനും അല്ലാത്തപക്ഷം കരാറിൽ പരാമർശിച്ച പ്രകാരം അഡ്വാൻസായി നൽകിയ 160000/-രൂപ (40000x4) 12% പലിശ സഹിതം മേൽപ്പറഞ്ഞ ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

.

1-17 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ - നിർമ്മാണം -ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതുമൂലമുള്ള നഷ്ടം-5331/-രൂപ

പ്രോജക്ട് നം.so119/22
പ്രോജക്ടിന്റെ പേര്:- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം
എഗ്രിമെന്റ് നം.21/AE/LID&EW/DVK/21-22
Dated 03-02-22
സി.എഫ്. സി ഗ്രാന്റ്(ഇ-ഗ്രാംസ് മുഖേന)
ബി.ആർ നം. Nilതീയതി19-03-2022
ഗ്രാമ പഞ്ചായത്ത് വാർഡ്-3 ൽ വടക്കേ ആഞ്ഞിലിമൂട് ജംഗ്ഷനു സമീപത്തുള്ള ഫിഷ് മാർക്കറ്റിന് സമീപം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിന്റെ ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകത കാണുന്നു.
12-11-2021തീയതിയിൽ പ്രസ്തുത വർക്കിനായി ടെണ്ടർ ക്ഷണിച്ച രേഖകൾ പ്രകാരം ആലപ്പുഴ

ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് & ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി, ബിജു കളരിക്കൽ പടീറ്റതിൽ,മഠത്തിൽ കാരാഴ്മ എന്നിവരാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. ഇതിൽ ആലപ്പുഴ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് & ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി എസ്റ്റിമേറ്റ് നിരക്കിലും ബിജു കളരിക്കൽ പടീറ്റതിൽ എന്ന കരാറുകാരൻ എസ്റ്റിമേറ്റിലും 8.6% ഉയർന്ന നിരക്കിലും തുക കോട്ട് ചെയ്തിട്ടുണ്ട്.ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടുന്ന പ്രാഥമിക കരാർ സമർപ്പിച്ചിട്ടില്ലായെന്ന കാരണത്താൽ ആലപ്പുഴ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് & ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ പരിഗണിച്ചില്ല. എന്നാൽ ടെണ്ടർ കവറിൽ മേൽ വിവരം രേഖപ്പെടുത്തി റിജക്ട് ചെയ്തതായി കാണിച്ചിട്ടില്ല. പിന്നെയുള്ള ബിജുവിന്റെ ടെണ്ടർ സിംഗിൾ ടെണ്ടറായി കണക്കാക്കി വർക്ക് തീയതിയിൽ റി-ടെണ്ടർ ചെയ്തു. റി-ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിലും 9.8% കൂടിയ നിരക്ക് കോട്ട് ചെയ്ത ബിജുവിന്റെ തന്നെ ഏകടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകി. . ഫയലിൽ ബിജുവിന്റെ 9.8% Above നിരക്കിലുള്ള ടെണ്ടർ ,16-09-2021 ലെ 1778/2021/lsgd ഉത്തരവ് പ്രകാരം DSR 2016 നിരക്ക് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അതിനോടൊപ്പം 10% വരെ ടെണ്ടർ അധിക നിരക്ക് നൽകുവാനും അനുമതി ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നുവെന്നാണ് ഫയലിൽ പരാമർശിച്ചുകാണുന്നു.8.6% ഉയർന്ന നിരക്കിലുള്ള ടെണ്ടർ സിംഗിൾ ടെണ്ടറായി പരിഗണിച്ച് റിടെണ്ടർ നടത്തി അതേ കരാറുകാരന്റെ ഉയർന്ന റേറ്റ് അംഗീകരിച്ച് വർക്ക് പൂർത്തിയാക്കിയതുമൂലം താഴെപ്പറയും പ്രകാരം 5331/-രൂപയുടെ നഷ്ടം സംഭവിച്ചതായി കാണുന്നു

വർക്കിന്റെ ആകെ മൂല്യം 444254.71

ടെണ്ടർ നിരക്കിലുള്ള വ്യത്യാസം 1.2%(9.8%-8.6%)

444254.71*1.2%=<u>5331/- രൂപ</u>

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ(നം.20/2021-22തീയതി)12-11-2021തീയതിയിൽ സൊസൈറ്റിയുടെ ടെണ്ടറിനോടൊപ്പം പ്രഥമിക കരാർ വെക്കാത്തതിനാൽ ടെണ്ടറിൽ പരിഗണിക്കാതിരിക്കുകയും 8.6% Above, നിരക്കിലുള്ള ടെണ്ടർ സിംഗിൾ ടെണ്ടറായി കണക്കാക്കി റി-ടെണ്ടർ ചെയ്യുകയും തുടർന്ന് 9.8% Above നിരക്കിലുള്ള ടിയാന്റെ ടെണ്ടർ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളതെന്നും അറിയിച്ചു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പ്രസ്തുത മറുപടി അംഗീകരിക്കതക്കതല്ല. പ്രഥമിക കരാർ ചമക്കാത്തതിനാൽ ആലപ്പുഴ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുടെ ടെണ്ടർ ഒഴിവാക്കാമെങ്കിലും 8.6% Above, നിരക്കിലുള്ള ബിജുവിന്റെ ടെണ്ടർ സിംഗിൾ ടെണ്ടറായി പരിഗണിക്കാൻ കഴിയില്ല .കൂടാതെആലപ്പുഴ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുടെ ടെണ്ടർ റിജക്റ്റ് ചെയ്തതായി രേഖപ്പെടുത്തലുമില്ലാത്ത സാഹചര്യത്തിൽ 8.6% Above, നിരക്കിലുള്ള ബിജുവിന്റെ ടെണ്ടർഅംഗീകരിക്കാവുന്നതാണ്.എന്നാൽ റിടെണ്ടർ ചെയ്ത് അദ്ദേഹത്തിന്റെതന്നെ 9.8% Above നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതുമൂലമുള്ള നഷ്ടം 5331/-രൂപഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>1-18 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - മാക്സിമം റീടെയിൽ പ്രൈസ് ഈടാക്കിയിരിക്കുന്നു .</u>

പ്രോജക്ട് നം - 30/22

പ്രോജക്ടിന്റെ പേര് - കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം

നിർവഹണം - വെറ്ററിനറി സർജൻ

മേൽ പ്രോജക്ട് പ്രകാരം 60 ഗുണഭോക്താക്കൾക്ക് ഒരു മാസം 100 കിലോഗ്രാം കാലിത്തീറ്റ വീതം 05മാസം ഗോവിന്ദമുട്ടം ക്ഷീരസംഘം വഴി വിതരണം ചെയ്തിട്ടുണ്ട് . ഗോവിന്ദമുട്ടം ക്ഷീരസംഘം ലഭ്യമാക്കിയിട്ടുള്ള കാലിത്തീറ്റയുടെ ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടുള്ള മാക്സിമം റീടെയിൽ പ്രൈസ് സംഘത്തിന് വിലയിനത്തിൽ നൽകിയിട്ടുണ്ട് . ഇൻവോയിസിൽ ഒരു ബാഗിന്റെ (50 K.g) മാക്സിമം റീടെയിൽ പ്രൈസ് , യൂണിറ്റ് നിരക്ക് എന്നിവ പ്രത്യേകം പ്രത്യേകമായി കാണിച്ചിട്ടുണ്ട് . കമ്പനി ക്ഷീരസംഘത്തിൽ നിന്ന് ഈടാക്കുന്നത് യൂണിറ്റ് നിരക്കിലുള്ള വിലയാണ് . ഒരു ബാഗിന് കൈകാര്യ ചെലവിനത്തിൽ 10/- രൂപ സംഘത്തിന് അനുവദനീയമാണെന്ന് ഇൻവോയിസിൽ വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ മാക്സിമം റീടെയിൽ പ്രൈസ് (1240/ബാഗ്) ഈടാക്കിയത് മൂലം ഒരു ബാഗിന് യൂണിറ്റ് നിരക്കിനെ അധികരിച്ച് 90/- രൂപ വീതം അധികത്തിൽ സംഘം ഈടാക്കിയിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു .

കാലിത്തീറ്റ വാങ്ങിയതിന്റെ ഇൻവോയിസ് നം , തീയതി	വാങ്ങിയ കാലിത്തീറ്റയുടെ അളവ്	യൂണിറ്റ് പ്രൈസ്സ് , ആകെ തുക	നൽകിയ തുക			അധികം നൽകിയത്
			വികസനഫണ്ട്	ഗുണഭോക്തൃ വിഹിതം	ആകെ	
100300010966/23-10-2021 , Kerala Co-op.milk Marketing Federation Ltd .	120 Bag	1150/bag , 138000/-	64800/-	84000/-	148800/-	10800/-
100300013089/01-12-2021 , Kerala Co-op.milk Marketing Federation Ltd .	120 Bag	1125/bag , 135000/-	64800/-	81000/-	145800/-	10800/-
100300014389/28-12-2021 , Kerala Co-op.milk Marketing Federation Ltd .	120 Bag	1125/bag , 135000/-	64800/-	81000/-	145800/-	10800/-
100300016589/01-02-2022 , Kerala Co-op.milk Marketing Federation Ltd .	120 Bag	1125/bag , 135000/-	64800/-	81000/-	145800/-	10800/-
100300018400/02-03-2022 , Kerala Co-op.milk Marketing Federation Ltd .	120 Bag	1125/bag , 135000/-	64800/-	81000/-	145800/-	10800/-

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/22-09-2022 ന് ലഭിച്ച വിശദീകരണത്തിൽ ബാഗൊന്നിന് 10 രൂപ സർവീസ് ചാർജ്ജും 80 രൂപ സൊസൈറ്റി കമ്മീഷനുമാണെന്നും ഈ വിവരം സംഘവുമായിട്ടുള്ള കരാറിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി നൽകി . എന്നാൽ സബ്സിഡി മാർഗ്ഗ നിർദ്ദേശത്തിൽ പറയുന്നത് കാലിത്തീറ്റ സർക്കാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് വാങ്ങണമെന്നും ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യണമെന്നുമാണ് . സർക്കാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്തിട്ടുണ്ടെങ്കിലും ,ഒരുബാഗിന് (50 Kg)യൂണിറ്റ് നിരക്കിനെക്കാൾ അധികമായി 90/- രൂപ വീതം സംഘം ഈടാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനാവശ്യമായ തുടർ നപടികൾ സ്വീകരിക്കേണ്ടതാണ്. കമ്മീഷനിനത്തിൽ മേൽപ്പറഞ്ഞപ്രകാരം അധികത്തിൽ തുക ചെലവഴിക്കാൻ സർക്കാർ അനുമതിയുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ് .

1-19 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

പ്രോജക്ട് നം 28/22

പ്രോജക്ടിന്റെ പേര് - കന്നുകുട്ടി പരിപാലനം

നിർവഹണം - വെറ്ററിനറി സർജൻ

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 50 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി 312500/- രൂപ ട്രഷറി ബിൽ നം 05/2021-22/29-11-2021 പ്രകാരം പിൻവലിച്ച് അസി.ഡയറക്ടർ , കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് നൽകിയിട്ടുണ്ട് . ടി ചെലവ് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭിച്ചിട്ടില്ല . മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം 15/22-09-2022 ന് ലഭ്യമാക്കിയ മറുപടിയിൽ ടി പദ്ധതി നടന്നുകൊണ്ടിരിക്കുകയാണെന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 312500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-20 ഗവ. ആയുർവേദ ആശുപത്രിയിലെ സൂതിക പരിചരണം ഉൾപ്പടെയുള്ളവയ്ക്ക് മരുന്നുവാങ്ങൽ - മരുന്നു ലഭ്യമായിട്ടില്ല

2021-22 സാമ്പത്തികവർഷം ഗവ.ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് "ഔഷധി" യ്ക്ക് മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്,	മരുന്ന്/ ഉപകരണങ്ങൾ	ലഭിച്ച മരുന്നിന്റെ	ലഭിക്കാൻ അവശേഷിക്കുന്ന

	നിർവ്വഹണ ഉദ്യോഗസ്ഥൻ	വാങ്ങുന്നതിന് ചെലവഴിച്ച തുക	വില	മരുന്നിന്റെ വില
135/20-21	ആയുർവേദ ആശുപത്രിക്ക് സൂതിക പരിചരണം ഉൾപ്പടെ മരുന്ന് വാങ്ങൽ. മെഡിക്കൽ ഓഫീസർ	500000 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	4,65,001	34,999

സമയബന്ധിതമായി മരുന്ന് ലഭിക്കാതെവന്നാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ എന്ത് നടപടികളാണ് "ഔഷധി"യുമായി അധികൃതർ സ്വീകരിച്ചിട്ടുള്ളത് എന്നറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-12/2022 തീയതി 20.09.2022) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനത്തിലേക്ക് ഓർമ്മക്കുറിപ്പ് നല്കിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-21 ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്നു ലഭ്യമായിട്ടില്ല

2021-22 സാമ്പത്തികവർഷം ഗവ.ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് "ഹോംകോ" യ്ക്ക് മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ	മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക	ട്രഷറി ബിൽ നം./ചെക്ക് നം.,തീയതി	ലഭിച്ച മരുന്നിന്റെ വില	ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില
39/20-21	ഗവ.ഹോമിയോ ആശുപത്രികയ്ക്ക് മരുന്ന് വാങ്ങൽ. മെഡിക്കൽ ഓഫീസർ	100000 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	2/21-22 തീ.13.01.22	57,212	42,788

സമയബന്ധിതമായി മരുന്ന് ലഭിക്കാതെവന്നാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിനും സാധിക്കാതെ വരും.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ എന്ത് നടപടികളാണ് "ഹോംകോ"യുമായി അധികൃതർ സ്വീകരിച്ചിട്ടുള്ളത് എന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് (14/2022 തീയതി 22.09.22) നൽകിയ മറുപടിയിൽ ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. മരുന്നുലഭ്യമാകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 തുല്യതാ പഠനത്തിന് ഫീസ് നൽകൽ -

പ്രോജക്ട് നം - 45/22

പ്രോജക്ടിന്റെ പേര് - തുല്യതാ പഠനം പഠിതാക്കളുടെ ഫീസ് നൽകൽ
നിർവഹണം – ഹെഡ്മാസ്റ്റർ , ഗവ. S.R.V.L.P. സ്കൂൾ

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പത്താം തരം തുല്യതാ പഠനത്തിനും പ്ലസ് വൺ

തുല്യതാ പഠനത്തിനും ഫീസ് നൽകിയിട്ടുണ്ട് . പത്താം തരം തുല്യതാ പഠനത്തിന്റെ കോഴ്സ് ഫീ , രജി.ഫീ എന്നീയിനങ്ങളിൽ ഒരു പഠിതാവിന് നൽകേണ്ട തുക 1850/- രൂപയാണ് (1750+100) എന്നാൽ ഒരു പഠിതാവിന് 2600/- രൂപ നിരക്കിൽ 03 പഠിതാക്കളുടെ കോഴ്സ് ഫീ , രജി.ഫീ എന്നീയിനങ്ങളിൽ 7800/-രൂപ (ട്രഷറി ബിൽ നം 02/2021-22/12-03-2022 പ്രകാരം) സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട് . ഇത് കൂടാതെ പ്ലസ് വൺ തുല്യതാ പഠത്തിനായി 20000/- രൂപ 08 പഠിതാക്കളുടെ കോഴ്സ് ഫീ , രജി.ഫീ എന്നീയിനങ്ങളിൽ (ട്രഷറി ബിൽ നം 03/2021-22/12-03-2022 , ഒരു ഗുണഭോക്താവിന് 2500/- രൂപ (2200+300) നിരക്കിൽ) സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട് . ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ മേൽ ഗുണഭോക്താക്കൾ ഏപ്രിൽ 2021 ൽ അപേക്ഷ നൽകിയിട്ടുള്ളവരാണെന്ന് കാണുന്നു. കോഴ്സ് ഫീ , രജി.ഫീ എന്നിവ അപേക്ഷ നൽകുന്ന സമയത്ത് തന്നെ അടക്കേണ്ടതാണ് . മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം 2 ന് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് മഹാമാരിമൂലം പ്രസ്തുത പരീക്ഷ താമസിച്ചതിനാലാണ് ഫീസ് 2022 ൽ അടച്ചത് എന്ന് മറുപടി നൽകിയിട്ടുണ്ട്. പത്താം തരം തുല്യതാ പഠിതാക്കളുടെ പരീക്ഷാ ഫീസ് 750/- രൂപ വീതം ഓരോ ഗുണഭോക്താവിനും അടച്ചതുമൂലമാണ് ഒരു പഠിതാവിന് 2600/- രൂപ നിരക്കിൽ ഫീസ് നൽകിയതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കോഴ്സ് ഫീ , രജി.ഫീ എന്നിവ അപേക്ഷ നൽകുന്ന സമയത്ത് തന്നെ അടക്കേണ്ടതായതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ആകയാൽ 27800/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷയെഴുതിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

എ) <u>പത്താം തരം തുല്യത പഠിതാക്കൾ</u>

1) സുധ വി., ലത മന്ദിരം, മങ്കുഴി, പുള്ളിക്കണക്ക് പി.ഒ.

2) വിനോദ്കുമാർ എച്ച്., കൊട്ടക്കാട് കിഴക്കതിൽ, പ്രയാർ നോർത്ത്, പ്രയാർ പി.ഒ.

3) ശ്രീലേഖ എസ്., കന്നിമേൽ, പുള്ളിക്കണക്ക് പി.ഒ., കായംകുളം

ബി) <u>പ്ലസ് വൺ തുല്യതാ പഠിതാക്കൾ</u>

1) അശ്വതി അശോക്, മുണ്ടകത്തി മണ്ണേൽ, പ്രയാർ നോർത്ത്, പ്രയാർ പി.ഒ.

2) ആര്യ എം.അനിൽ, അമ്പാടി, പുള്ളിക്കണക്ക് പി.ഒ., കായംകുളം

3) ഷിജി എസ്., പട്ടാശ്ശേരിൽ ഹൌസ്,പുതുപ്പള്ളി സൌത്ത്, പുതുപ്പള്ളി പി.ഒ.

4) അജേഷ് ഡി., വല്യത്ത് കിഴക്കതിൽ, മുതുകാട്ടുകര പി.ഒ., നൂറനാട്

5) ആതിര ബി., പ്രമാണിക്കൽ, പ്രയാർ സൌത്ത്, ആലുംപീടിക പി.ഒ.

6) സിന്ധു എം., നടയിൽ കിഴക്കതിൽ, പുതുപ്പള്ളി പി.ഒ., കായംകുളം

7) വിദ്യ എസ്.സുഭാഷ്, നടാലക്കൽ തറയിൽ, ഗോവിന്ദമുട്ടം പി.ഒ., കായംകുളം

8) ധന്യ എം., മാവോലിൽ കിഴക്കതിൽ, പുതുപ്പള്ളി പി.ഒ., കായംകുളം

<u>1-23 അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം</u>

ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ 19 അങ്കണവാടികളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ഇവയിൽ 10 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. എന്നാൽ ഇവയിൽ 11,14,17 നം.അങ്കണവാടി കെട്ടിടങ്ങൾ പ്രവർത്തനയോഗ്യമല്ലാത്തതിനാൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. .കൂടാതെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന 9 അങ്കണവാടികളിൽ 3 എണ്ണത്തിന് സ്വന്തമായി സ്ഥലമുള്ളവയാണ്. സ്വന്തമായി സ്ഥലമുള്ള മൂന്ന് അങ്കണവാടികളിൽ മൂന്നാം നമ്പർ അങ്കണവാടിയുടെ കെട്ടിട നിർമ്മാണത്തിനായി 2012-ൽ ജില്ലാപഞ്ചായത്ത് ഫണ്ട് അനുവദിക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്.ആദ്യ ഗഡു ഉപയോഗിച്ചുള്ള നിർമ്മാണം പൂർത്തിയായെങ്കിലും തുടർന്ന് ഫണ്ട് ലഭിക്കാതെവന്നതിനെ തുടർന്ന് നിർമ്മാണം മുടങ്ങുകയും ചെയ്തു.സ്വന്തമായി സ്ഥലമുള്ള ബാക്കി 2 അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനുള്ള ഒരു നടപടിയും ഇതുവരെയും നടന്നിട്ടില്ല. സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്നവയിൽ 2 അങ്കണവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. 2 അങ്കണവാടികളിൽ ജല ലഭ്യത

ഇല്ല.ഫർണ്ണിച്ചറുകൾ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മറ്റ് എല്ലായിടത്തുമുണ്ട്. കൂടുതൽ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടമില്ല എന്നത് ശ്രദ്ധേയമാണ്. കാലങ്ങളായി ഇത്രയധികം പദ്ധതികൾ നടപ്പാക്കിയിട്ടും അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ അനാസ്ഥ തുടരുകയാണ്.അതുപോലെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നത് ഗുരുതരമായ ഭവിഷ്യത്തുകൾക്ക് ഇടയാക്കും.പ്രസ്തുത വിഷയത്തിൽ ഭരണസമിതി സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-24 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേൻമയുള്ളതും ഉൽപാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം

2021-22സാമ്പത്തിക വർഷത്തിൽ ദേവികുളങ്ങര പഞ്ചായത്തിൽ നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.ആക്ഷൻ പ്ലാൻ അനുസരിച്ച് 2021-22 സാമ്പത്തിക വർഷത്തിൽ 506 പ്രവർത്തികൾക്ക് അനുമതി ലഭിച്ചു. തൻവർഷത്തിൽ 74 സ്പിൽ ഓവർ പ്രവർത്തികളും 155 പുതിയ പ്രവർത്തികളും ഉൾപ്പെടെ 229 പ്രവർത്തികൾ ഏറ്റെടുത്തിരുന്നു . ഇതിൽ തൻ വർഷം 74 സ്പിൽ ഓവർ പ്രവർത്തികളും 144 പുതിയ പ്രവർത്തികളും പൂർത്തിയാക്കി . തൻവർഷം പുതിയതായി രജിസ്റ്റർ ചെയ്ത തൊഴിലാളികളുൾപ്പെടെ ആകെ തൊഴിലാളികളുടെ എണ്ണം 1489 ആണ്. രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലാളികൾക്കും തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ആർക്കും തൊഴിലില്ലായ്മ വേതനം നൽകിയിട്ടില്ല. തൊഴിലാളികൾക്ക് അവർ താമസിക്കുന്ന സ്ഥലത്തിന്റെ 05 കിലോമീറ്റർ ചുറ്റളവിൽ തൊഴിൽനൽകാൻ സാധിക്കുന്നുണ്ട്. മേൽ വർഷത്തിൽ 540 കുടുംബങ്ങൾ 100 തൊഴിൽ ദിനം പൂർത്തീകരിച്ചു .

മേൽ വർഷത്തിൽ ആകെ ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു .

വേജസ്	മെറ്റീരിയൽസ്	അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്	ആകെ
31742601	4183571	416761	36342933

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വാണിജ്യാവശ്യകെട്ടിടം - ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നില്ല-നികുതിയിൽ 2298/- രൂപകുറവ് .

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 4ൽ,7 വിഭാഗങ്ങളിലായി കെട്ടിടങ്ങളെ തരം തിരിച്ചിരിക്കുന്നു. ഇതിൽ ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണത്തിന്റെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണെന്ന് ഈ ചട്ടം വ്യവസ്ഥ ചെയ്യുന്നു. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 50/- രൂപയായി നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങൾ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി

ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേര്, വിലാസം	**വാർഡ് നമ്പർ**	**കെട്ടിടനം.**	**ആകെ തറ വിസ്തീർണ്ണം**	**ചുമത്തിയ നികുതി@30**	**ചുമത്തേണ്ട നികുതി@50**	**കുറവ്**
ശ്രീ.മൻമഥൻ നായർ കുന്നേൽ വീട്ടിൽ പുതുപ്പള്ളി	IV പബ്ലിക്ക് മാർക്കറ്റ്	197/A	22.984	689.52	1149.20	459.68
		197/B	22.984	689.52	1149.20	459.68
		197/B	22.984	689.52	1149.20	459.68
		197/B	22.984	689.52	1149.20	459.68
		197/A	22.984	689.52	1149.20	459.68
		നികുതി ചുമത്തിയതിലുള്ള ആകെ കുറവ്				**2298.4**
അസസ്സ്മെന്റ് വർഷം 2021 ഒന്നാം അർദ്ധവർഷം മുതൽ						

ടി ചട്ടങ്ങളിലെ 3-ാം ചട്ടം 5-ാം ഉപചട്ട പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയും പ്രകാരം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമാണ് കെട്ടിടങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടത്. വാണിജ്യാവശ്യകെട്ടിടങ്ങൾ ഉടമയുടെ സൌകര്യാർത്ഥം വ്യത്യസ്ത നമ്പരുകൾ നൽകി വ്യത്യസ്തകെട്ടിടങ്ങളായി നികുതി നിർണ്ണയിക്കുമ്പോൾ ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നിരക്ക് ചുമത്തേണ്ടതാണ്. ഇതിന് സഞ്ചയ സോഫ്റ്റ്വെയറിലുള്ള സൌകര്യം ഉപയോഗപ്പെടുത്തേണ്ടതാണ്. പ്രസ്തുത കെട്ടിടങ്ങളെ റീ അസസ് ചെയ്യേണ്ടതും അസസ്മെന്റ് വർഷം മുതലുള്ള നികുതി കുടിശ്ശിക ഈടാക്കേണ്ടതുമാണ്. അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. കുറവ് വന്ന അടിസ്ഥാനവസ്തു നികുതി 2298/- രൂപ ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഉൾപ്പടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ -നിർമ്മാണം- ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതുമൂലമുള്ള നഷ്ടം-5331/-രൂപ

പ്രോജക്ട് നം.so119/22
പ്രോജക്ടിന്റെ പേര്:- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം
എഗ്രിമെന്റ് നം.21/AE/LID&EW/DVK/21-22
Dated 03-02-22
സി.എഫ്. സി ഗ്രാന്റ്(ഇ-ഗ്രാംസ് മുഖേന)
ബി.ആർ നം. Nilതീയതി19-03-2022

ഗ്രാമ പഞ്ചായത്ത് വാർഡ്-3 ൽ വടക്കേ ആഞ്ഞിലിമൂട് ജംഗ്ഷനു സമീപത്തുള്ള ഫിഷ് മാർക്കറ്റിന് സമീപം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിന്റെ ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകത

കാണുന്നു.
12-11-2021തീയതിയിൽ പ്രസ്തുത വർക്കിനായി ടെണ്ടർ ക്ഷണിച്ച രേഖകൾ പ്രകാരം ആലപ്പുഴ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് & ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി, ബിജു കളരിക്കൽ പടീറ്റതിൽ,മഠത്തിൽ കാരാഴ്മ എന്നിവരാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. ഇതിൽ ആലപ്പുഴ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് & ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി എസ്റ്റിമേറ്റ് നിരക്കിലും ബിജു കളരിക്കൽ പടീറ്റതിൽ എന്ന കരാറുകാരൻ എസ്റ്റിമേറ്റിലും 8.6% ഉയർന്ന നിരക്കിലും തുക കോട്ട് ചെയ്തിട്ടുണ്ട്.ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടുന്ന പ്രാഥമിക കരാർ സമർപ്പിച്ചിട്ടില്ലായെന്ന കാരണത്താൽ ആലപ്പുഴ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് & ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ പരിഗണിച്ചില്ല. എന്നാൽ ടെണ്ടർ കവറിൽ മേൽ വിവരം രേഖപ്പെടുത്തി റിജക്ട് ചെയ്തതായി കാണിച്ചിട്ടില്ല. പിന്നെയുള്ള ബിജുവിന്റെ ടെണ്ടർ സിംഗിൾ ടെണ്ടറായി കണക്കാക്കി വർക്ക് തീയതിയിൽ റി-ടെണ്ടർ ചെയ്തു. റി-ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിലും 9.8% കൂടിയ നിരക്ക് കോട്ട് ചെയ്ത ബിജുവിന്റെ തന്നെ ഏകടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകി. . ഫയലിൽ ബിജുവിന്റെ 9.8% Above നിരക്കിലുള്ള ടെണ്ടർ ,16-09-2021 ലെ 1778/2021/lsgd ഉത്തരവ് പ്രകാരം DSR 2016 നിരക്ക് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അതിനോടൊപ്പം 10% വരെ ടെണ്ടർ അധിക നിരക്ക് നൽകുവാനും അനുമതി ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നുവെന്നാണ് ഫയലിൽ പരാമർശിച്ചുകാണുന്നു.8.6% ഉയർന്ന നിരക്കിലുള്ള ടെണ്ടർ സിംഗിൾ ടെണ്ടറായി പരിഗണിച്ച് റിടെണ്ടർ നടത്തി അതേ കരാറുകാരന്റെ ഉയർന്ന റേറ്റ് അംഗീകരിച്ച് വർക്ക് പൂർത്തിയാക്കിയതുമൂലം താഴെപ്പറയും പ്രകാരം 5331/-രൂപയുടെ നഷ്ടം സംഭവിച്ചതായി കാണുന്നു
വർക്കിന്റെ ആകെ മൂല്യം 444254.71
ടെണ്ടർ എക്സസിലുള്ള വ്യത്യാസം 1.2%(9.8%-8.6%)
444254.71*1.2%=<u>5331/- രൂപ</u>
മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ(നം.20/2021-22തീയതി)12-11-2021തീയതിയിൽ സൊസൈറ്റിയുടെ ടെണ്ടറിനോടൊപ്പം പ്രഥമിക കരാർ വെക്കാത്തതിനാൽ ടെണ്ടറിൽ പരിഗണിക്കാതിരിക്കുകയും 8.6% Above, നിരക്കിലുള്ള ടെണ്ടർ സിംഗിൾ ടെണ്ടറായി കണക്കാക്കി റി-ടെണ്ടർ ചെയ്യുകയും തുടർന്ന് 9.8% Above നിരക്കിലുള്ള ടിയാന്റെ ടെണ്ടർ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളതെന്നും അറിയിച്ചു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പ്രസ്തുത മറുപടി അംഗീകരിക്കതക്കതല്ല. പ്രഥമിക കരാർ ചമക്കാത്തതിനാൽ ആലപ്പുഴ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുടെ ടെണ്ടർ ഒഴിവാക്കാമെങ്കിലും 8.6% Above, നിരക്കിലുള്ള ബിജുവിന്റെ ടെണ്ടർ സിംഗിൾ ടെണ്ടറായി പരിഗണിക്കാൻ കഴിയില്ല .കൂടാതെആലപ്പുഴ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുടെ ടെണ്ടർ റിജക്റ്റ് ചെയ്തതായി രേഖപ്പെടുത്തലുമില്ലാത്ത സാഹചര്യത്തിൽ 8.6% Above, നിരക്കിലുള്ള ബിജുവിന്റെ ടെണ്ടർഅംഗീകരിക്കാവുന്നതാണ്.എന്നാൽ റിടെണ്ടർ ചെയ്ത് അദ്ദേഹത്തിന്റെതന്നെ 9.8% Above നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതുമൂലമുള്ള നഷ്ടം 5331/-രൂപഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>ഭാഗം -4</u>
<u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

<u>4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക്പഞ്ചായത്ത്	2021-22	50000	അനുപൂരക പോഷകാഹാര പദ്ധതി	50000	0
ബ്ലോക്ക്പഞ്ചായത്ത്	2021-22	236250	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള	236250	0

			സ്കോളർഷിപ്പ്		
ബ്ലോക്ക്പഞ്ചായത്ത്	2021-22	530000	പാലിന് സബ്സിഡി	530000	0
ബ്ലോക്ക്പഞ്ചായത്ത്	2021-22	100000	പാലിയേറ്റീവ് കെയർ	63820	36180
ബ്ലോക്ക്പഞ്ചായത്ത്	2021-22		ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിതർക്ക് ഭൂമി(ജനറൽ)	400000	0
ബ്ലോക്ക്പഞ്ചായത്ത്	2021-22		ലൈഫ് മിഷൻ ഭവനരഹിതർക്ക് ഭവനം(ജനറൽ)	1386450	0
ബ്ലോക്ക്പഞ്ചായത്ത്	2021-22		ലൈഫ് മിഷൻ ഭൂമി(എസ്.സി)	225000	0
ബ്ലോക്ക്പഞ്ചായത്ത്	2021-22		ലൈഫ് മിഷൻ ഭവനം(എസ്സ്.സി)	4465000	0
ബ്ലോക്ക്പഞ്ചായത്ത്	2021-22	20000	വിശപ്പ് രഹിത ദേവികുളങ്ങര	20000	0
ജില്ലാ പഞ്ചായത്ത്	2021-22	100000	അനുപൂരക പോഷകാഹാര പദ്ധതി	100000	0
ജില്ലാ പഞ്ചായത്ത്	2021-22	142889	ശാരീരിക -മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	142889	0
ജില്ലാ പഞ്ചായത്ത്	2021-22		ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം(എസ്സ്.സി)	1300000	0
ജില്ലാ പഞ്ചായത്ത്	2021-22	100000	പാലിന് സബ്സിഡി	100000	0

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ ആതോറിറ്റി	ഉപയോഗശൂന്യമായ ടാപ്പുകൾ വിച്ഛേദിക്കൽ	1437448/23.09.2021	110000/-	110000/-	0

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ	ഉത്തരവ്	വായ്പ	വർഷാരംഭത്തിൽ	തൻവർഷം	വർഷാവ

പേര്/ ഉദ്ദേശ്യം	നമ്പർ/തിയ്യതി	തുക	തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തിരിച്ചടച്ച തുക		സ്ഥാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന നിർമ്മാണ പദ്ധതി	ലഭ്യമല്ല	12891029	10544362	1173333	0	9371029

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നമ്പർ	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	ചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി)	റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി)	റിമാർക്ക്സ്
				നമ്പരും തീയതിയും	തുക			
1	2	3	4	5	6	7	8	9
1	19-20	1.14	എ.ഇ, എൽ.എസ്. ജി.ഡി		8997	121010102056/ 22.11.21	0	
					21830	21070952009801529515/ 30.03.21		ബില്ലിൽ നിന്നും ഈടാക്കിയത്
2	20-21	1.16	എ.ഇ, എൽ.എസ്.ജി.ഡി		7796	1210102057/22.11.21		
					40000			

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ആകെ വരവ്	:	89482731.95
ആകെ ചെലവ്	:	74451341
വരവിനങ്ങളിലുള്ള നഷ്ടം	:	2298
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	5331
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	340300

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
1-17		5331	ഉഷ ആർ അസിസ്റ്റന്റ് എഞ്ചിനിയർ
1-10	2298		
ആകെ	2298	5331	

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ക്രമ നം	ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1.	1-19	312500	ഡോ.ജിൻസി ജോർജ്ജ് വെറ്ററിനറി സർജൻ
2.	1-22	27800	സണ്ണി കെ. പി ഹെഡ്സ് മിസ്ട്രസ്സ്
	ആകെ	340300	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

<u>ഇല്ല</u>

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

<u>ഇല്ല</u>

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ക്രമ നം.	നിലവിലെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
1	ഡോ.ജിൻസി ജോർജ്ജ് വെറ്ററിനറി സർജൻ വെറ്ററിനറി ഡിസ്പെൻസറി, ദേവികുളങ്ങര	ആശാരിപീടിക, മഠത്തിൽ കാരാഴ്മ പി ഒ, ഓച്ചിറ
2.	സണ്ണി കെ. പി ഹെഡ്സ് മിസ്ട്രസ്സ് ഹെഡ്മാസ്റ്റർ, എസ്.ആർ.വി.എൽ.പി.സ്കൂൾ ദേവികുളങ്ങര	കൃഷ്ണ ഭവൻ, പുതിയവിള, പട്ടോളി മാർക്കറ്റ്
3.	ഉഷ ആർ അസിസ്റ്റന്റ് എഞ്ചിനിയർ ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത്	അരുണിമ, തുലാപറമ്പ് സെന്റർ, ഹരിപ്പാട്

<u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1995-96	എൽ.എഫ്.എ5-1832/11/2-2-2012
1997-98	എൽ.എഫ്.എ5-1832/11/2-2-2012
2000-01	എൽ.എഫ്.എ5-1832/11/2-2-2012
2001-02	എൽ.എഫ്.എ5-1832/11/2-2-2012
2002-03	എൽ.എഫ്.എ5-1832/11/2-2-2012
2003-04	എൽ.എഫ്.എ5-1832/11/2-2-2012
2004-05	എൽ.എഫ്.എ5-1832/11/2-2-2012
2005-06	എൽ.എഫ്.എ5-1832/11/2-2-2012
2006-07	എൽ.എഫ്.എ5-1577/13/16-05-14
2007-08	എൽ.എഫ്.എ5-1577/13/16-05-14
2008-09	എൽ.എഫ്.എ5-1577/13/16-05-14
2009-10	എൽ.എഫ്.എ5-1577/13/16-05-14
10-11, 11-12, 2012-13	എൽ.എഫ്.എ.പി6-191/2014, 5-8-14/10-10-14
2013-14	കെ.എസ്.എ-എഎൽ.പി/പി.11-1607/2015/18.12.15 /31.12.15
2014-15	കെ.എസ്.എ.എൽ.പി.പി.11-630/16 തീയതി. 07.06.2016
2015-16	കെ.എസ്.എ.എൽ.പി.പി.11-20/16 തീയതി.25.01.2017/08.02.2017
2016-17	കെ.എസ്.എ.എൽ.പി.പി.11-862/17 തീയതി.07.07.2017
2017-18	കെ.എസ്.എ.എൽ.പി.പി.11-404/19 തീയതി.09.05.2019
2018-19	നം.കെ.എസ്.എ-എ.എൽ.പി/പി11-792/2019 തീയതി.10.10.2019
2019-20	കെ.എസ്.എ-എ.എൽ.പി/പി11-749/2021തീയതി 27-09-2021
2020-21	കെ.എസ്.എ-എ.എൽ.പി/പി11-750/2021 തീയതി 27-09-2021

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്